പിൻവലിക്കാത്ത ഒരു സമരം

ടി.വി. അച്യുതവാരിയർ

കേരളത്തിലെ വൈദ്യുതി പ്രശ്നം ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്. തറവാട് കുളം കോരണോ അതോ തറവാടിനെ അന്ധകാരത്തിലാഴ്ത്തണോ എന്നിവ മാത്രമാണ് പോംവഴികളെന്നാണ് മന്ത്രിമാർ പറയുന്നത്. മന്ത്രിമാരെ നയിക്കാനും നിയന്ത്രിക്കാനും പ്രാപ്തിയില്ലാത്ത ഒരു മുഖ്യമന്ത്രി, ഭരണമേറ്റ് പതിനാറ് മാസം കഴിഞ്ഞിട്ടും സർക്കാറിന്റെ നിത്യ നിദാനച്ചെലവുകൾക്കുള്ള പണം കണ്ടെത്താൻ കഴിയാത്തൊരു ധനകാര്യമന്ത്രി, മന്ത്രിക്കസേരയിലിരിക്കണമെന്നതിനപ്പുറം തനിക്കൊരു ചുമതലയുണ്ടെന്നു കരുതാത്ത വൈദ്യുതി കാര്യമന്ത്രി - അങ്ങനെയെല്ലാമാകുമ്പോൾ പ്രശ്നങ്ങളൊന്നും ഒരിക്കലും പരിഹരിക്കപ്പെടാറില്ല.

അപരിഹാര്യമായത്ര സങ്കീർണ്ണമായൊരു പ്രശ്നമാണോ നമ്മുടെ മുന്നിലുള്ളത്? അല്ലെന്ന് വൈദ്യുതിയുമായി ബന്ധപ്പെട്ടവരെല്ലാം ആണയിട്ട് പറയുന്നു. മുഖ്യമന്ത്രിക്കും വൈദ്യുതിമന്ത്രിക്കും അല്പം തന്റേടവും പ്രാപ്തിയുമുണ്ടെങ്കിൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളേ ഇവിടെയുള്ളൂ. ഇല. ബോർഡ് എന്ന വെള്ളാനയെ ആദ്യം തന്നെ തളക്കണം. അതിന്റെ ദുർമ്മേദസ്സ് പിഴിഞ്ഞു കളയണം, ശേഷിക്കുന്നവർ വാങ്ങുന്ന ശമ്പളത്തിനനുസൃതമായി പണിയെടുക്കണം. മുമ്പ് ഇല. ബോർഡിൽ അംഗങ്ങളായിരുന്നവർ നൽകുന്ന കൗതുകകരമായ ചില വസ്തുതകൾ ഇതാ:

1) ഇല. ബോർഡ് ഒരു ജീവനക്കാരനു വേണ്ടി മാസത്തിൽ 20,000 ക. നൽകുന്നുണ്ട്. 2) ഗുജറാത്തിൽ ഒരാൾ ഒരു ദിവസം, 180 മീറ്റർ നോക്കുമ്പോൾ കേരളത്തിൽ അത് അമ്പതോളമാണ്. 3) സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 760 പേർക്ക് പ്രത്യേകിച്ച് ജോലിയൊന്നുമില്ല. നിലവിലുള്ള സ്ഥാപനങ്ങളുടെ സംരക്ഷണപ്രവർത്തനമാണിവർക്ക് നൽകിയിരിക്കുന്ന ജോലി. സംരക്ഷണപ്രവർത്തനത്തിന് ഒരു കൊല്ലം 34 കോടിയുടെ പണിയേയുള്ളൂ, എന്നാൽ ശമ്പളച്ചെലവ് 18 കോടിയാണ്.

കേരളത്തിന് ഒരു കൊല്ലം ആയിരം കോടി യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ടെന്ന് കരുതുക. ഇതിൽ പകുതി ഇവിടെ നിലവിലുള്ള വിവിധ ജല വൈദ്യുതിപദ്ധതികളിൽ നിന്ന് കിട്ടും, ബാക്കി പകുതി താപവൈദ്യുതി കൊണ്ട് നിറവേറ്റേണ്ടി വരും. ജലവൈദ്യുതിക്ക് യൂണിറ്റൊന്നിന് 21 പൈസയേ വരൂ, താപവൈദ്യുതിക്ക് യൂണിറ്റിന് രണ്ടര രൂപയോളം വരും. ഈ അടിസ്ഥാനവസ്തുതകളെ ആധാരമാക്കി വേണം പ്രശ്നത്തെ സമീപിക്കാൻ.

വൈദ്യുതിയുടെ ഉപയോഗം രണ്ടു തരത്തിലാണ്. ഒന്ന്, നേരിട്ടുള്ള ഉപയോഗം രണ്ടാമത്തേത് ഉല്പാദനാത്മകം. ഒരു മരക്കമ്പനിയിൽ മരം ഉരുപ്പടിയാക്കാൻ വൈദ്യുതി ഉപയോഗിക്കുന്നു, മരത്തിന്റെ വിലയും വൈദ്യുതിയുടെ വിലയും കൂട്ടിയാണ് ഉരുപ്പടിക്ക് വില നിശ്ചയിക്കുക. അതായത് വൈദ്യുതി ഉപയോഗിച്ച ഫാക്ടറി ഉടമ സ്വന്തം കയ്യിൽ നിന്ന് വൈദ്യുതിക്ക് വില നൽകുന്നില്ല, അത് ഉപഭോക്താവിന്റെ കണക്കിൽ വരുന്നു. അതു കൊണ്ടുതന്നെ വൈദ്യുതിയുടെ നിരക്കു വർദ്ധനയിൽ വ്യാപാരികളോ വ്യവസായികളോ പ്രതിഷേധിക്കേണ്ട കാര്യവുമില്ല. എന്നാൽ ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിയുടെ വില ഗൃഹനാഥൻ സ്വന്തം പോക്കറ്റിൽ നിന്നെടുത്തുകൊടുക്കണം. വൈദ്യുതിയുടെ ഉപയോഗത്തിലുള്ള ഈ അന്തരം മനസ്സിലാക്കിയിരുന്നാലേ വൈദ്യുതിക്കു ന്യായമായ നിലയിൽ നിരക്ക് നിശ്ചയിക്കാൻ കഴിയൂ.

ജലവൈദ്യുതി മുഴുവൻ ഗാർഹികാവശ്യത്തിനുവേണ്ടി വരും എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. കേരളത്തിലെ വെള്ളം കൊണ്ട് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഒന്നാമത്തെ അവകാശികൾ ജനങ്ങളാണ്. ആ വൈദ്യുതിക്കാകട്ടെ യൂണിറ്റിന് 21 പൈസയേ ഉല്പാദനച്ചെലവുള്ളൂ, അതുകൊണ്ടു തന്നെ ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതി ഏറ്റവും കുറഞ്ഞ നിരക്കിനു നൽകുകയും വേണം. വില കൂടിയ താപ വൈദ്യുതി വ്യാപാര-വ്യവസായാവശ്യങ്ങൾക്ക് നീക്കി വെക്കാം.

> **ഗവർമ്മേണ്ടിനെ പൂർണ്ണമായിട്ടല്ലെങ്കിൽ ഭാഗികമായിട്ടെങ്കിലും തോല്പിക്കാൻ കഴിയും. അതിന് മുദ്രവാക്യം വിളിക്കണ്ട, പ്രകടനം നടത്തണ്ട, കല്ലേറിയേണ്ടതുമില്ല. ആ പഴഞ്ചൻ ഗാന്ധിയുടെ സമരമുറ സ്വീകരിച്ചാൽ മതി. വെറും 21 പൈസ മാത്രം ഉല്പാദനച്ചെലവുള്ള വൈദ്യുതി അപ്പോൾ 50 പൈസക്കെങ്കിലും വിതരണം ചെയ്യാനും കഴിയും.**

വ്യവസായം എന്നതിന്നർത്ഥം ലാഭമുണ്ടാക്കുന്നതിനുള്ള ബിസിനസ്സ് എന്നാണ്. വ്യവസായികൾക്ക് ലാഭമുണ്ടാക്കാൻ വേണ്ടി ഇവിടത്തെ ജലവൈദ്യുത പദ്ധതി മാറ്റി വച്ചുകൂടാ. വ്യവസായികൾ അവരുടെ ഉല്പാദനത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ കമ്പോളവിലക്കാണ് വാങ്ങുന്നത്, ഒരു അസംസ്കൃത വസ്തുവായ വൈദ്യുതിയും അവർ കമ്പോളവിലക്ക് വാങ്ങണം. വ്യവസായികൾക്ക് ലാഭമുണ്ടാക്കാനായി ആരും അസംസ്കൃതവസ്തുക്കൾ വിലകുറച്ച് നൽകാറില്ല, അതിനാൽ വൈദ്യുതിയും സൗജന്യ നിരക്കിൽ നൽകാൻ പാടില്ല.

കേരളത്തിൽ വ്യവസായങ്ങൾ വേണ്ടേ? ജനങ്ങൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കണ്ടേ? അതിന് വൈദ്യുതി വേണ്ടേ? വേണം, തീർച്ചയായും. ഒരു ടെക്സ്റ്റൈൽ മിൽസ് സ്ഥാപിക്കുകയാണെന്ന് കരുതുക. പറഞ്ഞ വില കൊടുത്ത് യന്ത്രങ്ങൾ വാങ്ങണം, പറഞ്ഞ വില കൊടുത്ത് പരുത്തി വാങ്ങണം, പറഞ്ഞ കൂലി കൊടുത്ത് അത് കമ്പനിയിലെത്തിക്കണം, ജീവനക്കാർക്ക് ന്യായമായ ശമ്പളം നൽകണം. അപ്പോൾ വൈദ്യുതി മാത്രം സൗജന്യമായി കിട്ടണമെന്ന് പറയുന്നതിൽ ഒരർത്ഥവുമില്ല.

ഈ വൈദ്യുതി പ്രശ്നത്തിൽ ജനങ്ങൾ എവിടെനിൽക്കുന്നു? അതവർക്കുതന്നെ അറിയില്ലെന്നതാണ് ഏറെ കഷ്ടം. പരസ്പരവിരുദ്ധമായ പ്രസ്താവനകൾ അവരെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ട് അവർക്ക് ഗുണദോഷവിചിന്തനം നടത്താൻ കഴിയാതെ വരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ എല്ലാവരും സ്വന്തം കാര്യം മാത്രം നോക്കുന്നു. ചാർജ് കൂട്ടരുത് എന്നതാണത്. ഗവർമെണ്ട് ചാർജ് വർദ്ധിപ്പിച്ചപ്പോൾ ജനങ്ങൾ ഒന്നാകെ സമരത്തിനിറങ്ങി. പാലം കുലുങ്ങിയാലും കുലുങ്ങാൻ കൂട്ടാക്കാറില്ലാത്ത കേളൻ ഇത്തവണ കുലുങ്ങിപ്പോയി. ജനങ്ങൾ സമരവും പിൻവലിച്ചു പക്ഷെ അതുകൊണ്ട് പ്രശ്നം തീരുമോ?

ഗവർമ്മെണ്ടിനെപ്പോലെ തന്നെ ജനങ്ങൾക്കും ഈ പ്രശ്നം പരിഹരിക്കുന്നതിൽ ഒരു പങ്കു വഹിക്കാനുണ്ടെന്ന യാഥാർത്ഥ്യം ജനങ്ങൾ മറക്കുന്നു. ജനങ്ങളെ ഇക്കാര്യത്തിൽ ഉദ്ബുദ്ധരാക്കേണ്ടവർ മുഖ്യമന്ത്രിമുതൽക്കിങ്ങോട്ടുള്ള നേതാക്കന്മാരാണ്. അവരതിൽ തീർത്തും പരാജയപ്പെടുകയും ചെയ്തിരിക്കുന്നു.

ജനങ്ങൾ സർക്കാരിനെതിരായ സമരം പിൻവലിച്ചുവെങ്കിലും, ഞാൻ സമരം പിൻവലിച്ചിട്ടില്ല. ഗവർമ്മേണ്ടിനെ പൂർണ്ണമായിട്ടല്ലെങ്കിൽ ഭാഗികമായിട്ടെങ്കിലും തോല്പിക്കാൻ എനിക്കു കഴിയും. അതിന് മുദ്രവാക്യം വിളിക്കണ്ട, പ്രകടനം നടത്തണ്ട, കല്ലേറിയേണ്ടതുമില്ല. ആ പഴഞ്ചൻ ഗാന്ധിയുടെ സമരമുറ സ്വീകരിച്ചാൽ മതി.

ആഗസ്റ്റ് 28 വരെ എന്റെ വൈദ്യുതി ഉപയോഗം ദിവസം ശരാശരി ആറ് യൂണിറ്റായിരുന്നു. (മേയിലെ മീറ്റർ റീഡിംഗ് പ്രകാരം 351 യൂണിറ്റാണ്, ജൂലായിൽ 368 യൂണിറ്റ്) ഗവർമ്മേണ്ടിന്റെ വർദ്ധിപ്പിച്ച നിരക്കനുസരിച്ചാണെങ്കിൽ ബിൽ തുക 1800ക. വരും അസാദ്ധ്യമാണത്, അക്രമമാണത്. അതിനോട് നിസ്സഹകരിക്കുകയേ നിവൃത്തിയുള്ളൂ. ഫ്രിഡ്ജ് ഓഫ് ചെയ്തു. അയേൺ, മിക്സി, ഗ്രൈൻഡർ മുതലായവ സ്റ്റോർ റൂമിൽ കൊണ്ടുപോയി വച്ചു. വേനൽക്കാലത്ത് വെള്ളം ശേഖരിക്കാനായി കിണറിനടുത്ത് നിർമ്മിച്ചിരുന്ന ടാങ്ക് വൃത്തിയാക്കി വെള്ളം കോരി നിറച്ചു ഓവർ ഹെഡ് ടാങ്കിലെ വെള്ളം കുളിമുറിയിലെ ഉപയോഗത്തിന് മാത്രമാക്കി പരിമിതപ്പെടുത്തി. വൈകുന്നേരം ആറര മുതൽ ഒമ്പതര വരെ മാത്രമേ വിഡ്ഢിപ്പെട്ടി ഓൺ ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തു. രാത്രി പത്ത് മണിയോടെ ദിവസം അവസാനിക്കണമെന്നും പിന്നീട് ലൈറ്റിടരുതെന്നും നിശ്ചയിച്ചു.

ഈ സമരം മൂലം എനിക്കുവരുന്ന നഷ്ടം ടാങ്കിൽ വെള്ളം കോരിയൊഴിക്കാനായി രാവിലെ അരമണിക്കൂർ നേരം ചെലവഴിക്കേണ്ടിവരുന്നുവെന്നതാണ്. രാത്രി നേരത്തേ കിടക്കുന്നതിനാൽ വായിക്കാനും എഴുതാനും ചെലവാക്കിയിരുന്ന സമയം കുറഞ്ഞുവെന്നതാണ് മറ്റൊന്ന്. (കൂടുതൽ ഉറങ്ങുന്നതും വിശ്രമിക്കുന്നതും ലാഭമോ നഷ്ടമോ എന്നതിൽ പക്ഷാന്തരമുണ്ടാകാം)

ലാഭത്തിന്റെ കോളത്തിൽ വരുന്ന പ്രധാന ഇനം വൈദ്യുതി തന്നെ. ആഗസ്റ്റ് 29ലെ മീറ്റർ റീഡിംഗ് 19257 യൂണിറ്റായിരുന്നു. ഈ കുറിപ്പെഴുതുന്ന സെപ്തംബർ 13ലെ റീഡിംഗ് 19276 ആണ്-15 ദിവസം കൊണ്ട് 19 യൂണിറ്റ്. അതായത് ദിവസം ഒന്നേകാൽ യൂണിറ്റ്.

ഗവർമ്മേണ്ടിന്റെ ചാർജ് വർദ്ധനാപദ്ധതി പ്രകാരമായിരുന്നെങ്കിൽ 360 യൂണിറ്റിന് നൽകേണ്ടി വരുമായിരുന്ന തുക 1728ക. നിരക്ക് വർദ്ധന പിൻവലിച്ച ശേഷം നിലവിൽ വന്ന (പഴയ) നിരക്കനുസരിച്ചായിരുന്നുവെങ്കിൽ നൽകേണ്ടി വരുമായിരുന്നത് 690 ക. ഞാൻ നടപ്പാക്കിയ പരിഷ്കാരമനുസരിച്ച് 80 യൂണിറ്റിന് നൽകേണ്ടി വരുന്ന തുക 92 ക.

എന്റെ പരിഷ്കാരം ഒരു കടുത്ത ചികിത്സയാണെന്ന് സമ്മതിക്കുന്നു. ഇത്രക്കൊന്നുമില്ലെങ്കിലും ജനങ്ങൾ വിചാരിച്ചാൽ വൈദ്യുതിയുടെ ഉപയോഗം പകുതിയായിക്കുറയ്ക്കാൻ ഒരു വിഷമവുമില്ല. ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് കുതറി മാറാൻ കഴിഞ്ഞാൽ ഇവിടെ ഉല്പാദിപ്പിക്കുന്ന ജലവൈദ്യുതി കൊണ്ടു തന്നെ കേരളത്തിന്റെ ആവശ്യം നിറവേറ്റാം. വെറും 21 പൈസ മാത്രം ഉല്പാദനച്ചെലവുള്ള വൈദ്യുതി അപ്പോൾ 50 പൈസക്കെങ്കിലും വിതരണം ചെയ്യാനും കഴിയും.

വൈദ്യുതിയുടെ ഉപയോഗം പകുതിയായി കുറക്കുന്നവർ മിനിമം ചാർജ് (90 പൈസ) പ്രകാരമുള്ള ബില്ലടച്ചാൽ മതിയെന്ന് ഗവർമ്മേണ്ട് പ്രഖ്യാപിച്ചാൽ ഒരൊറ്റ ആഴ്ച കൊണ്ട് വൈദ്യുതിയുടെ ഉപയോഗം ഗണ്യമായി കുറയും. പക്ഷെ അതിനൊക്കെ ഭരിക്കുന്നവർക്കല്പം ഭാവന വേണം.